LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം

252 (4243) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) റാന്നി നിയമസഭാ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത് ഏതൊക്കെ കോളനികളിലാണ്; എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത് ; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്; എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ) ഹാംലെറ്റ് ഡെവലപ്പ്മെന്റ് പദ്ധതി, മോഡൽ കോളനി, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ എന്നീ പദ്ധതികൾ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പാക്കിവരുന്നു.

(ബി) 2013-14 സാമ്പത്തിക വർഷം ഒരു കോടി രൂപ ചെലവഴിച്ച് ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്കായി പത്തനംതിട്ട ജില്ലയിലെ നാറാണാംമൂഴി എന്ന പട്ടികവർഗ്ഗ സങ്കേതം തെരഞ്ഞെടുക്കുകയും ഹൗസിംഗ് ബോർഡ് വഴി ടി പദ്ധതി നടപ്പാക്കിവരികയും ചെയ്യുന്നു. പദ്ധതി നടപ്പാക്കൽ അന്തിമഘട്ടത്തിലാണ്. 2014-15 സാമ്പത്തിക വർഷം കോഴിപ്രം ഗ്രാമപഞ്ചായത്തിലെ തെറ്റ്പാറ കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു കോടി രൂപ ചെലവഴിച്ച് ടി പദ്ധതി നടപ്പാക്കുന്നതിന് എഫ്.ഐ.ടി. ആലുവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കൽ പ്രാരംഭ ഘട്ടത്തിലാണ്. പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം, ജീവിത നിലവാരം ഉയർത്തി ആരോഗ്യ മേഖല മെച്ചപ്പെടുത്തൽ എന്നിവ ടി പദ്ധതിയിൽപ്പെടുന്നു. റാന്നി നിയോജക മണ്ഡലത്തിൽ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി നടപ്പാക്കിയിട്ടില്ല.

ജനനി ജന്മരക്ഷാ പദ്ധതി

253 (4244) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവകുപ്പുമുഖേന നടപ്പിലാക്കുന്ന ജനനി-ജന്മരക്ഷാപദ്ധതി പ്രകാരം ആനുകൂല്യത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, എത്രപേർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;